(ഡി) പ്രസ്തുത കേസിന്മേൽ ബഹുമാനപ്പെട്ട ലോകായുക്തിന്റെ വിധി എന്തായിരുന്നു ; വിധി നടപ്പിലാക്കിയോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ഇ) ബഹുമാനപ്പെട്ട ലോകായുക്തയുടെ ഉത്തരവ് നടപ്പാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ടോ ?

ഉത്തരം

(എ) ശ്രീ. കുര്യൻ ജോർജിനെതിരെ ഡിപ്പാർട്ട്മെന്റുതല അന്വേഷണം നടക്കുന്നതിനാലാണ് അദ്ദേഹത്തിന്റെ ഡി.സി.ആർ.ജി. തുകയിൽ നിന്നും 20,000 രൂപ തടഞ്ഞുവച്ചിരുന്നത്.

(ബി) ശ്രീ. കുര്യൻ ജോർജ് ആരുടെയെങ്കിലും പേരിൽ കേസ് ഫയൽ ചെയ്തതു കൊണ്ടല്ല അദ്ദേഹത്തിന്റെ ഡി.സി.ആർ.ജി. തുക തടഞ്ഞുവച്ചിട്ടുള്ളത്.

(സി) കേസ് ഫയൽ ചെയ്തിരുന്നു.

(ഡി) തടഞ്ഞു വച്ചിട്ടുള്ള 20,000 രൂപ പരാതിക്കാരന് നല്കുവാനായിരുന്നു ബഹുമാനപ്പെട്ട ലോകായുക്ത വിധിച്ചത്. എന്നാൽ ശ്രീ. കുര്യൻ ജോർജ്, അദ്ദേഹത്തിനെതിരെയുള്ള ഡിപ്പാർട്ട്മെന്റൽ അന്വേഷണം പൂർത്തീകരിക്കാൻ സാധിക്കാത്ത തരത്തിൽ ഒരു സിവിൽ കേസ് ഫയൽ ചെയ്ത് അതിന്മേൽ ഒരു നിരോധന ഉത്തരവ് വാങ്ങിയിട്ടുണ്ട്. ഇക്കാരണം കൊണ്ട് ബഹുമാനപ്പെട്ട ലോകായുക്തയുടെ 18-3-2002-ലെ വിധി നടപ്പിലാക്കാതെ അതിനെതിരായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്യുവാൻ ബോർഡ് തീരുമാനിക്കുകയും സ്റ്റാൻഡിംഗ് കൗൺസിലിന് നിർദ്ദേശം നല്കുകയും ചെയ്തിരുന്നു. എന്നാൽ ശ്രീ. കുര്യൻ ജോർജ് 18-3-2002-ലെ ലോകായുക്തയുടെ ഉത്തരവ് നടപ്പിലാക്കാൻ വേണ്ടി വീണ്ടും ലോകായുക്തയെ സമീപിക്കുകയും ബഹുമാനപ്പെട്ട ലോകായുക്ത ഉത്തരവ് നടപ്പിലാക്കുവാൻ 11-3-2003-ന് സർക്കാരിന് നല്കിയ നിർദ്ദേശം അനുസരിച്ച് സർക്കാർ നിർദ്ദേശം നല്കുകയും അതിൻപ്രകാരം പരാതിക്കാരന് തടഞ്ഞുവച്ചിരുന്ന ഗ്രാറ്റുവിറ്റി തുക നല്കാൻ ബോർഡ് ഉത്തരവായിട്ടുമുണ്ട്.

(ഇ) ഉത്തരവ് നടപ്പിലാക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. അതിനാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ്

139 (3941) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം പി. എസ്. സി. വഴി നേരിട്ട് നിയമിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് നിലവിലുള്ള ഒഴിവുകളുടെ എത്ര ശതമാനമാണ് നീക്കിവച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 18-11-2002-ലെ ഇ.ബി.സി.1/4/22 നമ്പർ ഉത്തരവ് പ്രകാരം ബോർഡിൽ അസിസ്റ്റന്റ് സിവിൽ എഞ്ചിനീയർമാരുടെ തസ്തികയിലേക്ക് നിയമനം നടത്തുമ്പോൾ ഈ തസ്തികയിൽ ആകെ എത്ര ഒഴിവുകളാണ് ഉണ്ടായിരുന്നതെന്നും മേൽ ഉത്തരവുപ്രകാരം എത്രപേരെയാണ് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമിച്ചതെന്നും ഇങ്ങനെ നിയമനം നല്കുമ്പോൾ സ്പെഷ്യൽ റൂൾസ് പ്രകാരം നേരിട്ടുള്ള നിയമനത്തിനായി നീക്കിവച്ച എല്ലാ തസ്തികകളിലേക്കും നിയമനം നടത്തിയിട്ടുണ്ടോ എന്നും അറിയിക്കാമോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) 7-4-2003-ലെ ജി.ഒ.(എഫ്.ബി.)നമ്പർ 469/2003(എസ്റ്റാ-111/369/99) നമ്പർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)-മാരുടെ തസ്തിക വെട്ടിച്ചുരുക്കിയിരുന്നോ എന്നും എങ്കിൽ ഇതുപ്രകാരം ഒഴിവുള്ള തസ്തികകളുടെ എണ്ണം എത്രയായിരുന്നുവെന്നും അറിയിക്കാമോ ;

(ഇ) ഇപ്രകാരം നിജപ്പെടുത്തിയ തസ്തികകളിൽ പി.എസ്.സി. വഴിയുള്ള നേരിട്ടുള്ള നിയമനം നടത്തേണ്ട തസ്തികകളുടെ എണ്ണം എത്രയാണെന്നും അതിൽ എത്ര തസ്തികകളിലേക്ക് നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)മാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടെന്നും അറിയിക്കാമോ ;

(എഫ്) നേരിട്ട് നിയമനം നടത്തേണ്ട മുഴുവൻ തസ്തികളിലേക്കും നിയമനം നടത്തിയില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ജി) 18-11-2002-ലെ ഇ.ബി.സി1/422-ാം നമ്പർ ഉത്തരവുപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ) തസ്തികയിൽ നിയമനം നല്കിയവരെ അതേ ഉത്തരവ് പ്രകാരം തന്നെ ശമ്പളമോ മറ്റാനുകൂല്യങ്ങളോ നല്കാതെ പിരിച്ചുവിടുകയും ചെയ്തിരുന്നുവോ എന്നും എങ്കിൽ അത് എന്ത് നിയമങ്ങളും ചട്ടങ്ങളും പ്രകാരമായിരുന്നുവെന്നും അറിയിക്കാമോ ;

(എച്ച്) നേരിട്ടുള്ള നിയമനം നടത്തുന്നതിന് പകരം ഈ തസ്തികയിലേക്ക് പ്രൊമോഷൻവഴി കഴിഞ്ഞ രണ്ടുവർഷത്തിനകം എത്രപേർക്ക് നിയമനം നല്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(ഐ) കെ.എസ്.ഇ.ബി.-യിലെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേക്ക് പി.എസ്.സി.വഴി അപേക്ഷ ക്ഷണിക്കുമ്പോൾ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നല്കുന്നതല്ലെന്നും നിയമിക്കപ്പെട്ടയുടൻ പിരിച്ചുവിടുന്നതാണെന്നും വ്യക്തമാക്കിയിരുന്നുവോ എന്നും കെ.എസ്.ഇ.ബി.-യിലെ മറ്റേതൊക്കെ തസ്തികകളിൽ സമാനമായ നിയമനരീതി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ ?

ഉത്തരം

(എ) വിവിധ തസ്തികകളിൽ താഴെപ്പറയുന്ന ശതമാനം ഒഴിവുകൾ നീക്കി വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സബ് എഞ്ചിനീയർ	–	30%
അസിസ്റ്റന്റ് എഞ്ചിനീയർ	–	40%
മീറ്റർ റീഡർ	–	75%
ഡ്രൈവർ	–	50%
കാഷ്യർ	–	80%
ഇലക്ട്രിസിറ്റി വർക്കർ	–	100%
ഓവർസീയർ (സിവിൽ)	–	95%
ടൈപ്പിസ്റ്റ്	–	100%

(ബി) സ്റ്റാഫ് സ്ട്രെങ്ത് പുനർ നിർണ്ണയപ്രകാരം ഒഴിവുകൾ ഇല്ലാത്തതു കൊണ്ട് ബഹുമാനപ്പെട്ട കോടതി നിർദ്ദേശമനുസരിച്ച് 114 സിവിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നോഷണൽ നിയമനം നല്കുകയും അതേ ഉത്തരവിൽകൂടി അവരെ പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്.

(സി) ബാധകമല്ല.

(ഡി) 7-4-2003-ലെ ജി.ഒ. പ്രകാരം സിവിൽ വിഭാഗത്തിൽ സ്റ്റാഫ് സ്ട്രെങ്ത് പുനഃനിർണ്ണയം ചെയ്തപ്പോൾ എ.ഇ. തസ്തികയുടെ എണ്ണം 278-ൽ നിന്നും 263 ആയി.

(ഇ) പുനർ നിർണ്ണയത്തിന് മുമ്പ് 114 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും പുനർ നിർണ്ണയത്തിനുശേഷം ഒഴിവുകൾ ഇല്ലാത്തതിനാൽ 114 പേർക്ക് നോഷണൽ നിയമനം നല്കുകയും ചെയ്തു.

(എഫ്) ഇക്കാര്യം പരിശോധിച്ച് മറുപടി നല്കുന്നതാണ്.

(ജി) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം 114 അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികകളിലേക്ക് നോഷണൽ നിയമനം നല്കുകയും അവരെ പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്.

(എച്ച്) പരിശോധിച്ചുവരുന്നു.

(ഐ) തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നല്കുന്നതല്ലെന്നും നിയമിക്കപ്പെട്ടയുടൻ പരിച്ചുവിടുന്നതാണെന്നും പി.എസ്.സി. വിജ്ഞാപനത്തിൽ വ്യക്തമാക്കിയിരുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തിക കൂടാതെ ഡ്രൈവർ/ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ എന്നീ തസ്തികകളിലും സമാനമായ നിയമന രീതി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly